# നിലയ്ക്കൽ ഭദ്രാസന സുവിശേഷസംഘം 4–ാമത് വാർഷികം

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിലെ എല്ലാ ആദ്ധ്യാത്മിക സംഘടനകളുടെയും സംയുക്ത സംഘടനയായ സുവിശേഷസംഘത്തിന്റെ 4–ാമത് വാർഷിക സമ്മേളനവും ഇടവക മെത്രാപ്പോലീത്തായുടെ ജന്മദിനാഘോഷവും 2015 ഒക്ടോബർ 10–ന് ശനിയാഴ്ച രാവിലെ 9.30 മുതൽ റാന്നി സെന്റ് തോമസ് അരമനയിൽ വച്ച് നടത്തപ്പെടും. നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനം നിരണം ഭദ്രാസനാധിപൻ അഭി. ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ‘‘നിർമ്മൽ’’ വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഉദ്ഘാടനം ശ്രീ.രാജു എബ്രഹാം എം.എൽ.എ നിർവ്വഹിക്കും. സുവിശേഷസംഘം ജനറൽ സെക്രട്ടറി ശ്രീ.റ്റി.ജി.വർഗീസ് റിപ്പോർട്ട് അവതരിപ്പിക്കും. ശ്രീ.ജോസഫ് എം.പുതുശ്ശേരി Ex-MLA, നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, വൈദികസംഘം സെക്രട്ടറി വെരി.റവ.ജേക്കബ് ജോൺസ് കോർ എപ്പിസ്കോപ്പ, ഭദ്രാസന കൗൺസിൽ അംഗം റവ.ഫാ.ജോജി മാത്യു, സഭാ മാനേജിങ് കമ്മറ്റിയംഗം അഡ്വ.മാത്യൂസ് മഠത്തേത്ത്, സുവിശേഷസംഘം അൽമായ വൈസ്പ്രസിഡന്റ് ശ്രീ.എം.ഇ.ഈശോ തുടങ്ങിയവർ പ്രസംഗിക്കും. അഭി. ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത ക്ലാസ്സ് നയിക്കും.